700252

No. of Printed Pages : 5

**6203**

*Register Number* | | | | | | |

# Language – Part I – MALAYALAM – Paper I

## (Poetry and Grammar)

Time : 3 Hours ] [ Maximum Marks : 100

**കുറിപ്പ് :** (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പു വരുത്തുന്നതിനു വേണ്ടി ചോദ്യ പേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പമുണ്ടെങ്കിൽ ഉടൻ തന്നെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുന്നതിന് കറുപ്പോ, നീലയോ മഷി ഉപയോഗിക്കുക.

I. **നാലെണ്ണത്തിന്** ഉത്തരമെഴുതുക. ഓരോ ഉത്തരവും **അഞ്ചുവരിയിൽ** കവിയരുത്. 4x2=8

1. എഴുത്തച്ഛന് മലയാളഭാഷയിലുള്ള സ്ഥാനമെന്ത്? അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കൃതികളേതെല്ലാം?

2. ഉണ്ണായിവാര്യരെക്കുറിച്ച് ചെറുകുറിപ്പ് തയ്യാറാക്കുക.

3. സുഗതകുമാരിയുടെ കാവ്യശൈലിയുടെ പ്രത്യേകതയെന്ത് ?

4. വൈലോപ്പിള്ളിയുടെ കവിതകൾക്ക് ശക്തിയും സൗന്ദര്യവും നൽകുന്ന ഘടകങ്ങളെന്തെല്ലാം?

5. കടമ്മനിട്ടയെക്കുറിച്ച് ലഘുവിവരണം നൽകുക.

6. എൻ. എൻ. കക്കാടിനെ പരിചയപ്പെടുത്തുക.

II. **മൂന്നെണ്ണത്തിന്** സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക. 3x4=12

7. 'എന്നരുൾ ചെയ്തെഴുന്നെള്ളി മുനികളു-
മന്നു തുടങ്ങി ഞാനിങ്ങനെ വന്നതും
രാമനാമത്തിൻ പ്രഭാവം നിമിത്തമായ്
രാമ! ഞാനിങ്ങനെയായ് ചമഞ്ഞീടിനേൻ'

[ Turn over

8. ധ്യാനം കൊണ്ടാത്മാവെയാത്മാവിൽക്കണ്ടു കൊ-
ണ്ടാനന്ദ ലീനനായ് ക്കന്യാ പുത്രൻ
വൻതപം ചെയ്തു, ഹിമാലയ സാനുവി-
ലന്തകസൂദന സ്വാമിപോലെ,

9. പിച്ചവെക്കുന്ന നിൻ കാൽകൾക്കു മുന്നിലു-
ള്ളിച്ചരൽക്കല്ലെന്നെ നോവിക്കുമ്പോൾ,
ഒന്നും നശിക്കുന്നീലെന്നും മനുഷ്യനി-
ലെന്നുണ്ടറിയുന്നൂ നിൻ മുത്തശ്ശി.

10. കല്പവൃക്ഷമെനിക്കു വേണ്ട
നന്ദനോദ്യാനങ്ങൾ വേണ്ട
അമൃതകുംഭമെനിക്കു വേണ്ട
വേണ്ടതെന്റെ ധരിത്രി മാത്രം
ധാത്രി പകരും കരുണ മാത്രം.

11. ഓരാതിരിക്കേച്ചവിട്ടടികളിൽപ്പുള-
ഞ്ഞുൽഫണമുയർന്നാടി നിന്നവ- ഒക്കെയും
ഒക്കെയുമോർമ്മകളായിരിക്കാം,
ഓർക്കാൻ കഴിവീലവതൻ മുഖങ്ങൾ.

III. **മൂന്നെണ്ണത്തിന്** ഉത്തരമെഴുതുക. ഓരോ ഉത്തരവും **പത്തുവരിയിൽ** കവിയരുത്. 3x4=12

12. ദേവന്മാരിലൊരാളെ വരിക്കാൻ പറഞ്ഞ നളനോട് ദമയന്തിയുടെ പ്രതികരണമെന്തായിരുന്നു?

13. ശീമോന്റെ ഭവനത്തിൽ വന്ന ക്രിസ്തുദേവനെ പ്രകൃതി എപ്രകാരം സത്കരിച്ചു?

14. തങ്ങളുടെ വർഗ്ഗക്കാർ എവിടെയൊക്കെ ഉണ്ടെന്നാണ് ഓണപ്പാട്ടുകാർ അവകാശപ്പെടുന്നത്?

15. അമ്പലമുറ്റത്തെത്തിയ ആനയുടെ പൂർവ്വകഥ എപ്രകാരം ചിത്രീകരിച്ചിരിക്കുന്നു?

16. 'ഉച്ചയ്ക്ക് കുട്ടികൾ ഞെട്ടിത്തളരാത്ത വിദ്യാലയങ്ങളുടെ നാട്.'- എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?

**IV.** **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക. ഓരോ ഉത്തരവും ഓരോ **പുറത്തിൽ** കവിയരുത്. **2x10=20**

**17.** 'എന്റെ മൂന്ന് വീടുകൾ' എന്ന കവിതയിൽ കവിയുടെ മൂന്ന് വീടുകളുടെയും പ്രത്യേകതകളന്തെല്ലാമെന്ന് വിവരിക്കുക.

**18.** വാല്മീകിയുടെ ആത്മകഥ ചുരുക്കിയെഴുതുക.

**19.** 'ഓണപ്പാട്ടുകാർ' എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

**20.** ആനയ്ക്ക് അനുഭവിക്കേണ്ടിവന്ന യാതനകളെന്തെല്ലാമെന്ന് വിശദമാക്കുക.

**21.** 'തെളിഞ്ഞും കലങ്ങിയും ഒഴുകുന്ന നദി മനുഷ്യജീവിതത്തിന്റെ പ്രതീകം തന്നെയാണ്.'-'നദിയൊഴുകുന്നു' എന്ന കവിതയെ ആസ്പദമാക്കി വിശദീകരിക്കുക.

**V.** താഴെ കൊടുത്തിട്ടുള്ള പദ്യഭാഗങ്ങളിൽ **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക. **2x4=8**

**22.** അനലനും നിൻ ഗുണങ്ങൾ കേൾക്കയാൽ
മദനാദിയിലെവെന്തു നീറുന്നു
അവനിലിന്ധനമെന്ന പോലവേ, ഇപ്പോൾ
അഭിമതയല്ലവനു സ്വാഹയും.

(i) മദനാദിയിലെവെന്തു നീറുന്നതാര് ?

(ii) ഏതുപോലെയാണ് വെന്തുനീറുന്നത് ?

(iii) ആരാണ് അഭിമതയല്ലാത്തത് ?

(iv) ഈ വരികൾ ഏതു കൃതിയിലേതാണ് ?

**23.** പുഴ നമ്മൾ കഴപോലിറങ്ങിക്കടന്നതും
നമ്മൾതന്നറിയാത്ത കാല്ച്ചവിട്ടേറ്റു
ഞരിഞ്ഞ തൃണാവർത്ത ദേഹം പുലരിയിൽ
വഴിവക്കിൽ മലപോൽ കിടന്നതും.

(i) നമ്മൾ എന്തിനെയാണ് കഴപോലിറങ്ങിക്കടന്നത് ?

(ii) പുലരിയിൽ വഴിവക്കിൽ മലപോൽ കിടന്നതെന്ത് ?

(iii) ഇതാരുടെ വരികളാണ് ?

(iv) ഏതു കവിതയിലെ വരികളാണിവ ?

24. താളം പിടിച്ചു തലകുലുക്കിക്കൊണ്ടു
താഴ് വര ചൂഴും തരുക്കളെല്ലാം
ചിന്നും നിലാവിനാൽ വെള്ളിയലുക്കിട്ടു
തെന്നലുലയ്ക്കുന്ന പത്രങ്ങളാൽ

(i) താളം പിടിച്ചു തലകുലുക്കിയതാര് ?
(ii) ചിന്നും നിലാവിനാൽ എന്താണു ചെയ്യത് ?
(iii) തെന്നൽ എന്തിനെയാണ് ഉലച്ചത് ?
(iv) ഈ വരികളുടെ രചയിതാവാര് ?

**VI. പദ്യഭാഗം പൂരിപ്പിക്കുക.** 1x8=8

25. എങ്കിൽ നീ ഞങ്ങൾ __________
__________ ചോദ്യം ചെയ്യേണ്ടൻ

**അല്ലെങ്കിൽ**

26. ചിത്രവർണ്ണോജ്ജ്വല __________
__________ നിത്യ തൃപ്തൻ

**VII.** 27. **രണ്ടെണ്ണത്തിന്റെ** ലക്ഷണവും ഉദാഹരണവും എഴുതുക. 2x3=6

(i) രഥോദ്ധത (ii) വിയോഗിനി
(iii) കാകളി (iv) കേക

28. **രണ്ടെണ്ണത്തിന്റെ** ലക്ഷണവും ഉദാഹരണവും എഴുതുക. 2x3=6

(i) ഉല്ലേഖം (ii) ദീപകം
(iii) വിഷമം (iv) വിരോധാഭാസം

**VIII.** 29. **യോജിച്ചവ ചേർത്തെഴുതുക.** 1x4=4

| | | |
|---|---|---|
| (i) വാല്മീകിയുടെ ആത്മകഥ | - | കടമ്മനിട്ട |
| (ii) ആന | - | അയ്യപ്പപണിക്കർ |
| (iii) എന്റെ മൂന്നു വീടുകൾ | - | എഴുത്തച്ഛൻ |
| (iv) നാടെവിടെ മക്കളെ? | - | സുഗതകുമാരി |
| | - | എൻ. വി. കൃഷ്ണവാര്യർ |

**IX. ശരിയായ ഉത്തരം എടുത്തെഴുതുക.** 8x1=8

30. ത്രാണ നിപുണ! ത്രിദശ കുലപതേ! - എന്ന് ആരാണ് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത് ?

(a) ശ്രീരാമൻ (b) വാല്മീകി (c) സപ്തർഷികൾ

31. അമരേന്ദ്ര ദൂതനാര്.

(a) അരയന്നം (b) നാരദൻ (c) നളൻ

32. ഏത് പർവ്വതത്തിലിരുന്നാണ് ക്രിസ്തുദേവൻ നാല്പതുനാൾ വൻതപം ചെയ്തത്?
(a) ഹിമാലയ പർവ്വതം (b) താബോർ മാമല (c) സഹ്യപർവ്വതം

33. ആ വസന്തത്തിന്റെ ആത്മാവെത്തങ്ങളിലാവിഷ്കരിച്ചവരാര് ?
(a) പേരക്കുട്ടികൾ (b) മക്കൾ (c) സഹോദരങ്ങൾ

34. ആദിമദേവനെന്ന് ആരെയാണ് വർണ്ണിച്ചിട്ടുള്ളത് ?
(a) കൃഷ്ണൻ (b) ശ്രീരാമൻ (c) വാമനൻ

35. ആന തുമ്പിക്കയ്യാൽ നിലത്ത് തപ്പിയതെന്ത് ?
(a) വെള്ളാരം കല്ല് (b) താമര മലർ (c) കൈതോല

36. മലനാടിലൂറുന്ന വയനാടിലുറയുന്ന നദിയേത്?
(a) കബനീനദി (b) നിളാനദി (c) പമ്പാനദി

37. കരാളരൂപിണിയായി കലമ്പുന്നതാര് ?
(a) ആകാശം (b) നദി (c) ധരിത്രി

X. **ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **8x1=8**

38. ധനുമാസ രാവുകളിലൊന്നിൽ വന്നുപോകുന്നതാര് ?

39. ആരാണ് സുമിത്രാത്മജൻ ?

40. നളന് അദൃശ്യനായി ചെല്ലാൻ ദേവന്മാർ നൽകിയ വരമെന്ത് ?

41. വേലിമേൽ ചാടിച്ചാടി ചിലയ്ക്കുന്നതാര് ?

42. എവിടമാണ് ചാകര മഹോത്സവപ്പെരുനാളിലലയടിച്ചാർക്കുന്നത് ?

43. യേശു മഹേശനെ പ്രാശനവേളയിൽ വീശിയതാര് ?

44. "കുഞ്ഞേ, നീയും ചത്തിരുന്നെങ്കിൽ; കാണാൻ-
വയ്യേ നിൻ മഹാദുഃഖം" എന്ന് ആരാണു പറഞ്ഞത് ?

45. പഴയ സുഗന്ധദ്രവ്യത്തിൻ പരിമളം വീശുന്നത് എവിടെയാണ് ?

-oOo-